## <u>മരണമില്ലാത്ത അച്ഛൻ</u>

ഇതാണെന്റെ പ്രിയ മകൾ, എന്റെ ഓമന;
നാളെ നിൻ ഭാര്യയാകാൻ പോകുന്ന സുകുമാരി.
അവളീ പടിയിറങ്ങുമ്പോൾ ഞാൻ പാതി മരിക്കില്ലേ?
കുഞ്ഞിനെ പിരിയാൻ മനസ്സേതുമില്ലെനിക്ക്;
എക്കാലവും മകൾക്ക് കൂട്ടിരിക്കാൻ കഴിയുമോ;
ഒരച്ഛന്, ഒരമ്മയ്ക്ക്, കാലം കടന്നുപോവില്ലേ?

എന്നുമുണരുമ്പോൾ ഈയച്ഛന്റെ കാൽക്കലെത്തും
കയ്യിൽ കാപ്പിയും വിടർന്ന മുഖവുമായെന്മകൾ.
അങ്ങനെയാണെന്റെ പുലരികൾ വിടരുക!
നുള്ളിനോവിച്ചിട്ടില്ല ഇന്നോളമെന്നോമാനപ്പുത്രിയെ;
കരയിച്ചിട്ടില്ല, അതിനൊരു കാരണം കണ്ടിട്ടില്ല.

നാളെയവൾക്കു നീ ഭർത്താവായ്ത്തീരുമ്പോൾ,
മറ്റൊരു മകനായ് നീ എന്നുള്ളിൽ കുടിയേറും.
ഞാനെൻ മകളെ നിൻ കൈകളിലേല്പിക്കട്ടെ;
നിന്നോടത്തവൾ കൈപിടിച്ചിറങ്ങട്ടെ, മംഗളം നേരട്ടെ!
ഇനി മേൽ നീയവൾക്ക് എല്ലാമെല്ലാമല്ലേ!
ഒരപേക്ഷ: കരയിക്കരുതെന്റെ കുഞ്ഞിനെ;
നൊമ്പരപ്പെടുത്തരുതെ, മറ്റൊന്നും ചോദിക്കുന്നില്ല.

*** ***

പതിറ്റാണ്ടുകളഞ്ചു പറന്നുപോയ്; ചില്ലുകൂട്ടിൽ നിന്നും

അച്ഛന്റെ കാണാത്ത കണ്ണുകൾ കാണുന്നു, മിണ്ടാത്ത ചുണ്ടുകൾ് എന്തോ മിണ്ടിത്തുടങ്ങുന്നു പണ്ടെന്നപോൽ്!

പ്രിയമുള്ളവളെ പറയൂ, അച്ഛനെ എന്നെങ്കിലും ഞാൻ് ഏറെ വേദനിപ്പിച്ചുവോ അറിഞ്ഞോ, അറിയാതെയോ?

*****

രചന: ജോൺ ആറ്റുമാലിൽ്